# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1124 — 02.05.2017 ൽ മറുപടിയ്ക്ക്

## പഴം, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പഴം, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുവാൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്, വിശദമാക്കുമോ; | എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയ്ക്കായി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി വി.എഫ്.പി.സി.കെ വഴി 6 കോടിയുടെ വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് പഴം പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുവാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) പഴം, പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുവാൻ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം, വാണിജ്യ കൃഷിക്ക് സഹായം, |

അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് സഹായം എന്നിവയും, പച്ചക്കറി തൈ ഉൽപ്പാദനത്തിന് ബ്ലോക്ക്തല നഴ്സറികളുടെ വികസനം, മഴ മറകൾ വഴിയുള്ള കൃഷിക്ക് സഹായം, സങ്കര വിത്തിനങ്ങളുടെ പ്രദർശനത്തോട്ടം, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും ചെയ്യുന്നതിന് സഹായം, തരിശ്ശ നിലം കൃഷിചെയ്യുന്നതിന് സഹായം, മാധ്യമങ്ങൾ വഴിയുള്ള വിജ്ഞവിതരണം, എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിലും മട്ട്പ്പാവിലും കൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ട്ടു-ഈറ്റ് പ്രോജക്റ്റ്, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് സഹായം എന്നിവയും, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ, പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം, പച്ചക്കറി കൃഷിയ്ക്ക വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം, 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ, കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം, മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷമ മൂലകങ്ങൾ എന്നിവയുടെ വിതരണം, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവ നടപ്പിലാക്കി വരുന്നു. പ്രത്യേക കാർഷികമേഖലകളുടെ വികസനം ലക്ഷ്യമാക്കി ഇടുക്കി, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക കാർഷിക മേഖലകളിൽ ബൃഹത്തായ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ വഴി 6 കോടിയുടെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

- പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം
- ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ വിതരണം ചെയ്യുക

- പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷൂറൻസ് പരിരക്ഷ സബ്സിഡി യോടുകൂടി നടപ്പിലാക്കുകയും പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യുക
- വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്ന തിനായി 2% പലിശ സബ്സിഡി അനുവദിക്കുക
- പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക
- വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതിയും, നഗര പ്രദേശങ്ങളിലെ വീടുകളിൽ 'ഹരിത നഗരി' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം പഴം, പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ മേഖലകളിൽ നല്ല കൃഷി മുറകൾ (ജി.എ.പി) അവലംബിച്ചുകൊണ്ടുള്ള ശീതകാല പച്ചക്കറികളുടെ കൃഷി വ്യാപന പദ്ധതിയും നടപ്പിലാക്കി വരുന്നു

സി) പഴം, പച്ചക്കറി എന്നിവയുടെ വർദ്ധിച്ച ഉത്പ്പാദനത്തിലും വിപണനത്തിലും ഏതെല്ലാം ഏജൻസികളാണ് ഇടപെടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സി) പഴം പച്ചക്കറിയുടെ ഉല്പാദനത്തിലും വിപണനത്തിലും കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, ഹോർട്ടി കോർപ്പ് എന്നീ ഏജൻസികൾ ഇടപെടുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറു മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ

ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ടി വിപണികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. കൂടാതെ ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിച്ച് ചില്ലറ വില്പന ശാലകൾ വഴി വില്പന നടത്തുകയും ചെയ്തു വരുന്നു. വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിലുള്ള 277 സ്വാശ്രയ കർഷക സമിതികൾ വഴി കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് പച്ചക്കറി വില്പന നടത്തുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.

S. [signature]

**സെക്ഷൻ ഓഫീസർ**